# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1447** — **11/08/2017-ൽ മറുപടിയ്ക്ക്**

## 'ലൈഫ്' പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ പോയവർ

| ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | 'ലൈഫ്' പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഉണ്ട്. ഗുണഭോക്താക്കളുടെ കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് സെപ്റ്റംബർ 25 ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. |
| (ബി) | ഗ്രാമപഞ്ചായത്ത് ഭരണ സമിതിയും ഗ്രാമസഭയും അംഗീകരിച്ച ലിസ്റ്റാണോ നിലവിലുള്ളത്; വിശദീകരിക്കുമോ; | (ബി) | അല്ല. കരട് പട്ടികയാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ആയതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും ഗ്രാമസഭ മുഖേന ചർച്ച ചെയ്ത് പരിഹരിച്ച് സെപ്റ്റംബർ 25-ന് അന്തിമ ലിസ്റ്റ് പുറപ്പെടുവിക്കുന്നതാണ്. |
| (സി) | നിലവിൽ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ ഉൾപ്പെടാതെപോയ അർഹരായ വരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ വ്യക്തമാക്കുമോ; | (സി) | കരട് ഗുണഭോക്തൃ പട്ടികയിൽ അർഹർ ഒഴിവായിപ്പോയിട്ടുണ്ടെങ്കിൽ അവർക്ക് 2017 ആഗസ്റ്റ് 10 വരെയുള്ള ഒന്നാം ഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിക്കും 2017 ആഗസ്റ്റ് 25 വരെ ജില്ലാ കളക്ടർക്കും ആക്ഷേപങ്ങൾ സമർപ്പിക്കാം. ആക്ഷേപം പരിശോധിച്ച് അർഹത ബോധ്യപ്പെടുന്ന പക്ഷം അർഹത ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഗ്രാമപഞ്ചായത്ത് ഭരണ സമിതികൾക്ക് ഇത് സംബന്ധിച്ച ചുമതലകൾ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | കരട് ഗുണഭോക്തൃ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്കൂട്ടിനി ആന്റ് അപ്പീൽ കമ്മിറ്റി പരിശോധിച്ച് ഭരണസമിതി അംഗീകരിച്ച ലിസ്റ്റ് ജൂലൈ 30 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് സെപ്റ്റംബർ 25 ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**